# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

06.07.2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :5638

**പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വായ്പകൾ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.എം.ഉമ്മർ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| (എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നൽകുന്ന വായ്പകൾ കാലാനുസൃതമായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തിരം നൽകുന്ന വായ്പകൾ കാലാനുസൃതമായി ഉയർത്താറുണ്ട്. |
| (ബി) ഇവ ലഭ്യമാക്കുന്നതിനുള്ള ജാമ്യ വ്യവസ്ഥകൾ കൂടുതൽ ലളിതമാക്കുന്ന കാര്യം ആലോചിക്കുമോ ; | (ബി) ഏറ്റവും ലളിതമായ ജാമ്യ വ്യവസ്ഥകൾ ആണ് നിലവിലുള്ളത്. |
| (സി) ഇപ്പോൾ വിദ്യാഭ്യാസ വായ്പയായി നൽകുന്ന പരമാവധി തുകയെത്രയെന്നറിയിക്കുമോ ; | (സി) പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന പരമാവധി വിദ്യാഭ്യാസ വായ്പ തുക 3 ലക്ഷം രൂപയും, മത ന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന പരമാവധി വായ്പ തുക 2.50 ലക്ഷം രൂപയുമാണ്. |
| (ഡി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് ഇപ്പോൾ വായ്പ നൽകുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) പിന്നാക്ക/മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഗവൺമെന്റ് അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ ഡിപ്ളോമ/ബിരുദ/ബിരുദാനന്തര കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ദേശീയ ഏജൻസികളുടെ പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നത് എന്നാൽ ദേശീയ ഏജൻസികളുടെ മാനദണ്ഡങ്ങളിൽപ്പെടാത്തതും തൊഴിൽ സാധ്യതയുള്ള കോഴ്സുകൾക്ക് പഠിക്കുന്നതുമായ വിദ്യാർത്ഥികൾക്ക് കോർപ്പറേഷന്റെ സ്വന്തം ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന ' വിദ്യാശ്രീ വായ്പ ' പദ്ധതിപ്രകാരം പരമാവധി 1.5 ലക്ഷം രൂപ വരെ വായ്പ അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ